LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകൾ ജി.എസ്.ടി. പരിധിയിൽ ഉൾപ്പെടുത്തൽ

119 (504) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകളെ ജി.എസ്.ടി. പരിധിയിൽ കൊണ്ടുവരാനുള്ള 45-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനം (പാകം ചെയ്ത ഭക്ഷണത്തിന് നികുതി വകുപ്പ് 5% നികുതി ചുമത്തി വരുന്ന പശ്ചാത്തലത്തിൽ) ഉപഭോക്താക്കളെ എത്തരത്തിൽ ബാധിക്കുമെന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

നികുതി നിരക്കിൽ മാറ്റമൊന്നും വരാത്തതിനാൽ ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുകയില്ല. ഓൺലൈൻ പ്ലാറ്റഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാദ്ധ്യത ഹോട്ടലുകളിൽനിന്നും മാറി ഓൺലൈൻ പ്ലാറ്റഫോമുകൾക്കാവും. ഓൺലൈൻ പ്ലാറ്റഫോമുകളിലൂടെ അല്ലാതെയുള്ള വിതരണത്തിന് മാത്രം ഹോട്ടലുകൾ നികുതി അടച്ചാൽ മതിയാവും. ജി.എസ്.ടി.-യിലെ നികുതി വെട്ടിപ്പ് പ്രവണത കൂടുതലായി കാണപ്പെടുന്ന ഒരു മേഖലയാണ് ഹോട്ടൽ മേഖല. നിലവിൽ ഇൻപുട്ട് ടാക്സ് ഇല്ലാതെ 5% നികുതിയാണ് പ്രധാനമായും ചെറുകിട ഹോട്ടൽ മേഖലയിൽ ബാധകമാകുന്നത്. ഹോട്ടൽ മേഖല സർവ്വീസിന്റെ പരിധിയിൽ വരുന്നതിനാൽ വിറ്റുവരവ് പരിധി 20 ലക്ഷത്തിന് മുകളിൽ വരുന്ന സ്ഥാപനങ്ങൾ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. എന്നാൽ വിറ്റുവരവ് പരിധി 20 ലക്ഷത്തിന് മുകളിൽ വന്നിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്ന ധാരാളം ഹോട്ടലുകൾ ഉള്ളതായി എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. രജിസ്ട്രേഷനുള്ള ഹോട്ടലുകളിൽനിന്നുള്ള കൈമാറ്റങ്ങൾക്ക് നിലവിൽ 1% ടി.സി.എസ്. ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റഫോമുകൾ പിടിച്ച് സർക്കാരിലേയ്ക്ക് അടയ്ക്കുന്നുണ്ട്. ഇതിന് ഓൺലൈൻ പ്ലാറ്റഫോമുകൾ റിട്ടേൺ ഫയൽ ചെയ്യുന്ന മുറയ്ക്ക് ഹോട്ടലുകൾക്ക് ക്രെഡിറ്റ് ലഭ്യമാകും. 20 ലക്ഷത്തിന് താഴെ വിറ്റുവരവുള്ള ഹോട്ടലുകളിൽനിന്നുള്ള ഭക്ഷണത്തിന് ഓൺലൈൻ പ്ലാറ്റഫോമുകൾ ടാക്സ് അടയ്ക്കേണ്ടിവരും എന്നതല്ലാതെ മറ്റ ഹോട്ടലുകളിൽ നിന്നുള്ള ഓൺലൈൻ പ്ലാറ്റഫോമുകൾ വഴി നടത്തുന്ന വില്പനയ്ക്ക് പൂർണ്ണമായും നികുതി ലഭിക്കുന്നുവെന്ന മെച്ചം ഈ സംവിധാനത്തിന് ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. ഇതുമൂലം ഇപ്പോഴുള്ളത് കൂടാതെയുള്ള അധിക നികുതി ബാദ്ധ്യത ഉപഭോക്താവിന്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്നില്ല. രജിസ്ട്രേഷൻ എടുക്കാതെ വൻതോതിൽ ബിസിനസ്സ് നടത്തുന്ന ഹോട്ടലുകളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ഇത് സഹായകമാകും എന്ന് കരുതുന്നു. ഇത് സംബന്ധിച്ച വിജ്ഞാപനങ്ങൾ ഒന്നും ഇതുവരെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(ബി) പ്രസ്തുത മേഖലയിൽ ജി.എസ്.ടി. നടപ്പാക്കിയാൽ നികുതി വകുപ്പ് നികുതി ചുമത്തുന്നത് നിർത്തലാക്കുമോ; എങ്കിൽ ആയത് സംസ്ഥാനത്തെ നികുതി പിരിവിനെ എത്തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഇല്ല. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാദ്ധ്യത ഹോട്ടലുകളിൽനിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്കാവും. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ അല്ലാതെയുള്ള വിതരണത്തിന് ഹോട്ടലുകൾക്ക് നികുതി അടച്ചാൽ മതിയാവും. കൂടുതൽ വിവരങ്ങൾ വിജ്ഞാപനം ഇറങ്ങുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത മേഖലയിൽ ഉപഭോക്താവിൽനിന്നും നികുതി വസൂലാക്കുകയും യഥാസമയം നികുതി വകുപ്പിന് നൽകാതിരിക്കുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ?

ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികളും സ്വീകരിച്ചുവരുന്നു. നിലവിൽ കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുള്ള ഹോട്ടലുകൾക്ക് ഉപഭോക്താക്കളിൽനിന്നും നികുതി ഈടാക്കുവാൻ സാധിക്കുകയില്ല.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധന

120 (505) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയിൽനിന്നും സംസ്ഥാനത്തിന് കിട്ടുന്ന നികുതി വരുമാനം യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

30-9-2021-ലെ അടിസ്ഥാന വില അനുസരിച്ച് യൂണിറ്റ് അടിസ്ഥാനത്തിൽ പെട്രോൾ, ഡീസൽ എന്നിവയിൽനിന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു*. നിലവിൽ ഗാർഹിക ആവശ്യത്തിനുള്ള പാചകവാതകത്തിന്, ചരക്കുസേവന നികുതി നിയമപ്രകാരം വിജ്ഞാപനത്തിലെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.